**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവരുടെ ദിനാചരണം 2013 - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സാമ്പത്തിക സഹായം - യഥേഷ്ടാനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാരണ) നം. **2748**/2013/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 07.11.2013.

==========================================================================

പരാമർശം:-

1. സാമൂഹ്യ നീതി ഡയറക്ടറുടെ തീയതിയില്ലാത്ത കുറിപ്പ്.
2. ജി.ഒ.(എം.എസ്) 58/06/ത.സ്വ.ഭ.വ. തീയതി: 16.02.2006.

## ഉത്തരവ്

ഡിസംബർ 3 ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവരുടെ ദിനമായി ആചരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനമൊട്ടാകെ പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള ചെലവുകൾക്കുള്ള ധനസമാഹരണത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സംഭാവന നൽകുന്നതിനുള്ള അനുമതിയാണ് പരാമർശ കത്ത് പ്രകാരം ആവശ്യപ്പെട്ടിട്ടുള്ളത്.

2) സർക്കാർ ഇക്കാര്യം പരിശോധിച്ചു. ഈ വർഷത്തെ ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവരുടെ ദിനാചരണത്തിന് സംസ്ഥാനത്തെ **ഗ്രാമ പഞ്ചായത്തുകൾ പരമാവധി ₹ 1,000/- (ആയിരം രൂപ മാത്രം) നഗരസഭകൾ പരമാവധി ₹ 3,000/- (മൂവായിരം രൂപയും) കോർപ്പറേഷനുകൾ പരമാവധി ₹ 5,000/- (അയ്യായിരം രൂപയും) തനത് ഫണ്ടിൽ നിന്നും അവരുടെ കമ്മിറ്റി തീരുമാനത്തിനും പരാമർശം (2) ലെ ഉത്തരവിലെ മാർഗനിർദ്ദേശങ്ങൾക്കും വിധേയമായി** അതത് ജില്ലാ സാമൂഹ്യ നീതി ആഫീസർക്ക് നൽകുന്നതിനുള്ള യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

3) കൈപ്പറ്റുന്ന തുകയ്ക്ക് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് പ്രസ്തുത ജില്ലാ സാമൂഹ്യ നീതി ഓഫീസർ ധനവിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
എം.ഷാഹുൽ ഹമീദ്,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

(....2)

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ&എ), കേരള, തിരുവനന്തപുരം.
എല്ലാ ജില്ലാ കളക്ടർമാർക്കും.
ധനകാര്യ വകുപ്പ്.
സാമൂഹ്യനീതി വകുപ്പ്.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ // ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.